# മഹാത്മാഗാന്ധിസർവ്വകലാശാല

## പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം

പ്രിയദർശിനിഹിൽസ്പി.ഒ.,കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019ഡിസംബർ18

# വാർത്താക്കുറിപ്പ്

---

## പരീക്ഷ തീയതി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ മൂന്നാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) പ്രോഗ്രാം 2018-20 ബാച്ച് എക്സ്റ്റേണൽ പരീക്ഷകൾ ജനുവരി ഏഴുമുതൽ നടക്കും. പിഴയില്ലാതെ ജനുവരി ഒന്നുവരെയും 530 രൂപ പിഴയോടെ മൂന്നുവരെയും അപേക്ഷിക്കാം. 920 രൂപയാണ് പരീക്ഷഫീസ്. സർവകലാശാല ഇ-പോർട്ടൽ വഴിയാണ് ഫീസടയ്ക്കേണ്ടത്. എസ്.സി./എസ്.ടി. വിദ്യാർഥികൾ പരീക്ഷഫീസടയ്ക്കേണ്ടതില്ല.

(പി.ആർ.ഒ/39/2246/2019)

## ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; രാജ്യാന്തര കോൺഫറൻസ് ഇന്നുമുതൽ (ഡിസംബർ 19)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും 'ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; സമാധാനം, വികസനം, മനുഷ്യസുരക്ഷ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന രാജ്യാന്തര കോൺഫറൻസ് ഇന്ന് (ഡിസംബർ 19) ആരംഭിക്കും. സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സെമിനാർ ഹാളിൽ രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും.

യു.ജി.സി. എമിററ്റസ് പ്രൊഫസറും ഉസ്മാനിയ സർവകലാശാല സെന്റർ ഫോർ ഇന്ത്യൻ ഓഷ്യൻ സ്റ്റഡീസ് മുൻ ഡയറക്ടറുമായ ഡോ. പി.വി. റാവു മുഖ്യപ്രഭാഷണം നടത്തും. പ്രോ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. കെ.എൻ. കൃഷ്ണൻ, ചൈനയിലെ സിച്ചുവാൻ അക്കാദമി ഓഫ് സോഷ്യൽ സയൻസസിലെ സെന്റർ ഫോർ ഇന്ത്യ സ്റ്റഡീസ് സെക്രട്ടറി ജനറൽ ഡോ. യു ഷാവോമിൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ഡയറക്ടർ ജനറൽ ഡോ. ഡിംപി ദിവാകരൻ, സ്കൂൾ

ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദൻ, ആർ. മാധുരി എന്നിവർ പങ്കെടുക്കും.

ദക്ഷിണേഷ്യയിലെ സുരക്ഷാപ്രശ്നങ്ങൾ, വികസനവും മനുഷ്യസുരക്ഷയും, തീരസുരക്ഷ, സമാധാനവും സുരക്ഷയും നേരിടുന്ന വെല്ലുവിളികൾ, പ്രാദേശിക സഹകരണം, ഭരണവും വികസനവും നേരിടുന്ന വെല്ലുവിളികൾ, ഇന്ത്യയും ദക്ഷിണേഷ്യയും, പാരിസ്ഥിതിക-ഊർജ സുരക്ഷ പ്രശ്നങ്ങൾ, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രബന്ധങ്ങൾ അവതരിപ്പിക്കും. കൊൽക്കത്ത മൗലാനാ അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നത്. വിദേശരാജ്യങ്ങളിൽനിന്നടക്കം അധ്യാപകരും ഗവേഷകരും വിദ്യാർഥികളും കോൺഫറൻസിൽ പങ്കെടുക്കും.

(പി.ആർ.ഒ/39/2247/2019)

**എ. അരുൺ കുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ